Vig A1/2/2021

# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 22 — 12/01/2021-ൽ മറുപടിയ്ക്ക്

## സാമ്പത്തിക കുറ്റകൃത്യങ്ങൾ

**ചോദ്യം**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ.റോജി എം.ജോൺ**
**ശ്രീ.സണ്ണി ജോസഫ്**
**ശ്രീ.ഷാഫി പറമ്പിൽ**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

**(എ)** അഴിമതി തുടച്ചുനീക്കുമെന്ന വാഗ്ദാനവുമായി ഭരണത്തിൽ വന്ന ഈ സർക്കാർ അക്കാര്യത്തിൽ പരാജയപ്പെടുകയും മുഖ്യമന്ത്രിയുടെ ഓഫീസ് തന്നെ ഇതിന് താവളമാകുകയും ചെയ്തിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**എ)** അഴിമതിയും സാമ്പത്തിക കുറ്റങ്ങളും എന്തുവില കൊടുത്തും ചെറുക്കണമെന്ന ശക്തമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

കസ്റ്റംസ് ആക്ടിന്റെ ലംഘനം നടക്കുകയും അത് വെളിച്ചത്ത് വരികയും ചെയ്ത ഘട്ടത്തിൽ രാജ്യാന്തര കള്ളക്കടത്ത് രാജ്യത്തിന്റെ സാമ്പത്തിക സുരക്ഷയെ ബാധിക്കുന്ന ഒന്നാണെന്ന അഭിപ്രായം കേന്ദ്ര സർക്കാരിന് മുമ്പാകെ മുന്നോട്ടുവച്ചത് സംസ്ഥാന സർക്കാരാണ്. ഇത്തരം പ്രവർത്തനത്തിനെതിരെ സമഗ്രവും ഏകോപിതവുമായ അന്വേഷണം ആവശ്യമാണെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടു.

ഇപ്പോൾ എൻ.ഐ.എ, കസ്റ്റംസ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, എന്നീ ഏജൻസികൾ വിവിധ കേസുകൾ അന്വേഷിക്കുന്നുണ്ട്.

തെളിവ് ശേഖരിച്ച് വസ്തുത കണ്ടെത്തുന്ന അന്വേഷണ രീതികളെ സർക്കാർ ഒരിക്കലും എതിർത്തിട്ടില്ല. എന്നാൽ നിലവിലെ സാഹചര്യത്തിൽ കേന്ദ്ര അന്വേഷണ ഏജൻസികളെ കേന്ദ്രസർക്കാർ ദുരുപയോഗം ചെയ്യുന്നു എന്നത് ആർക്കും കാണാൻ കഴിയും.

ചില കേന്ദ്ര സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഭരണഘടനയുടെ സീമകൾ ലംഘിക്കുകയും സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള മുൻനിര പദ്ധതികൾക്കും വികസന പ്രവർത്തനങ്ങൾക്കും അത് വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നു. അതോടൊപ്പം അന്വേഷണത്തിന്റെ ഭാഗമായി സത്യസന്ധരും കഠിനാദ്ധ്വാനികളുമായ ഉദ്യോഗസ്ഥരുടെ ആത്മവീര്യം കെടുത്തുന്ന അവസ്ഥ സംജാതമായിട്ടുണ്ട്.

**(ബി)** മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി സ്വർണക്കടത്തും ഡോളർ കടത്തും നടത്തിയ കേസിൽ പ്രതിയാക്കപ്പെട്ട് കുറ്റപത്രം

| | |
|---|---|
| സമർപ്പിക്കപ്പെട്ടത് അതീവ ഗൗരവമായി സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; | **(ബി)** യും **(സി)** യും - ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തിവരുന്നതായി അറിയുന്നു. |
| **(സി)** മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനും മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുമായ വ്യക്തിയുടെ നേതൃത്വത്തിൽ ഭരണ സ്വാധീനമുപയോഗിച്ച് സെക്രട്ടേറിയറ്റിൽ കോടികളുടെ ധനസമാഹരണവും, രാജ്യ ദ്രോഹ ഇടപാടും നടത്തിയെന്ന ആക്ഷേപം മുഖ്യമന്ത്രി അറിഞ്ഞില്ല എന്ന് പറഞ്ഞ് ഒഴിയുവാൻ സർക്കാരിനാകുമോ; | സംസ്ഥാന സർക്കാർ വകുപ്പുതല നടപടികൾ എടുക്കുകയും വിജിലൻസ് അന്വേഷണം നടത്തിവരുന്നുമുണ്ട്. ഇതുമായി ബന്ധപ്പെട്ട ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ട ഉടനെ തന്നെ ശ്രീ.ശിവശങ്കറിനെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ഒഴിവാക്കിയിരുന്നു. |
| **ഡി)** സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്ന കൊച്ചിയിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ പ്രതികൾ വെളിപ്പെടുത്തിയ പേരുകൾ മനസാക്ഷിയെ ഞെട്ടിക്കുന്നതാണെന്ന കോടതി പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഉന്നതർ നടത്തിയ അഴിമതിയിലേക്ക് വിരൽ ചൂണ്ടുന്നതല്ലേ എന്ന് വെളിപ്പെടുത്തുമോ? | **ഡി)** മാധ്യമ റിപ്പോർട്ടുകൾ മാത്രമേ കണ്ടിട്ടുള്ളൂ. മറ്റൊരു വിവരവും ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ.**